## പതിമൂന്നാം കേരള നിയമസഭ

### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1516** **14.12.2012 ൽ മറുപടിക്ക്**

### നോർക്ക-റൂട്ട്സ് മുഖേനയുള്ള സൗദി എംബസി അറ്റസ്റ്റേഷൻ

ചോദ്യം | മറുപടി

ശ്രീ. വി. ശിവൻകുട്ടി:

ശ്രീ. കെ. സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നോർക്ക - റൂട്ട്സിൽ സൗദി എംബസി അറ്റസ്റ്റേഷൻ നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കുമോ; | (എ) | സൗദി അറ്റസ്റ്റേഷൻ നിയമങ്ങൾ സൗദി എംബസ്സി മാറ്റിയതിനാൽ ഉദ്യോഗാർത്ഥികൾക്ക് മുൻകാലങ്ങളിലേതു പോലെ നോർക്ക-റൂട്ട്സ് വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റു ചെയ്തു കിട്ടാത്ത അവസ്ഥയാണ് നിലവിലുള്ളത്. കേരളത്തിൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതു കൊണ്ടല്ല ഈ മാറ്റങ്ങൾ ഉണ്ടായത്. നോർക്ക - റൂട്ട്സ് എച്ച്. ആർ. ഡി. അറ്റസ്റ്റേഷൻ ചെയ്ത സർട്ടിഫിക്കറ്റുകൾ സൗദിയുടെ ഡൽഹിയിലുള്ള കൾച്ചറൽ അറ്റാഷെ ഓഫീസ് മുഖാന്തിരം വീണ്ടും ബന്ധപ്പെട്ട സർവ്വകലാശാലകളുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കിട്ടിയ ശേഷമാണ് എംബസ്സി വിദ്യാഭ്യാസ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നത്. ഇപ്രകാരം വെരിഫിക്കേഷൻ നടത്തുന്നതിന് ഇപ്പോൾ പുതുതായി സൗദി എംബസ്സി ഒരു സ്വകാര്യ സ്ഥാപനത്തെ |

| | | |
|---|---|---|
| | | നിയോഗിച്ചിട്ടുണ്ട്. അതതു എംബസ്സി നിശ്ചയിക്കുന്ന ഫീസ് മുൻകൂറായി ഏജൻസിയിൽ അടച്ചാൽ മാത്രമേ വെരിഫിക്കേഷൻ ചെയ്യുകയുള്ളൂ. ഇതിനു പുറമെ സൗദി എംബസ്സി സാക്ഷ്യപ്പെടുത്തലിന് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാൻ ആവശ്യമായ തിരിച്ചറിയൽ കാർഡ് പുതുക്കുവാനുള്ള നിർദ്ദേശത്തെ തുടർന്ന് ഫീസും എല്ലാ രേഖകളും 2011 മാർച്ച് 25 ന് തന്നെ നോർക്ക റൂട്ട്സ് സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ പ്രസ്തുത കാർഡ് എംബസ്സി നൽകിയിട്ടില്ല. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കൊണ്ടു വന്നിട്ടുള്ളതുമാണ്. |
| (ബി) നോർക്ക - റൂട്ട്സ് 500 രൂപയ്ക്ക് നിർവ്വഹിച്ചു-കൊടുത്തിരുന്ന സൗദി അറ്റസ്റ്റേഷൻ ഇപ്പോൾ സ്വകാര്യ ഏജൻസികൾ പതിനായിരം രൂപ വരെ ഈടാക്കി നിർവ്വഹിക്കു-ന്നതിനാൽ പ്രവാസികൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;<br><br>(സി) - എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം ബഹു. കേന്ദ്ര വിദേശകാര്യ മന്ത്രി, ബഹു. പ്രവാസികാര്യ മന്ത്രി, ബഹു. വിദേശകാര്യ സഹമന്ത്രി, കേന്ദ്ര വിദേശകാര്യ സെക്രട്ടറി, കേന്ദ്ര ജോയിന്റ് സെക്രട്ടറി (ഗൾഫ് & ഹജ്ജ്), വിവിധ വകുപ്പുകളിലെ ഡയറക്ടർമാർ എന്നിവരുടെ ശ്രദ്ധയിൽ പെടുത്തുകയും, സൗദി അംബാസിഡറോട് നോർക്ക - റൂട്ട്സിന് സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്ന-തിനാവശ്യമായ തിരിച്ചറിയൽ കാർഡ് നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഇതു സംബന്ധിച്ച് കേന്ദ്ര വിദേശകാര്യ മന്ത്രിയ്ക്ക് കത്ത് അയയ്ക്കുകയും തുടർന്ന് ബഹുമാനപ്പെട്ട കേന്ദ്ര പ്രവാസികാര്യ മന്ത്രിയ്ക്കും, |

| | | |
|---|---|---|
| | | വിദേശകാര്യ മന്ത്രിക്കും ഡൽഹിയിൽ വച്ച് നേരിട്ട് നിവേദനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ അനുകൂലമായ ഉത്തരവ് ലഭിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ